Dr. Sonia Jose

## യൂണിറ്റ് I

## എം . കെ .സാനു: ജീവിതവും കൃതികളും

സാഹിത്യ നിരൂപകൻ, ജീവചരിത്രകാരൻ, അദ്ധ്യാപകൻ, വാഗ്മി, സമുദായ പരിഷ്കർത്താവ്, രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിൽ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിലെ നിറഞ്ഞ സാന്നിധ്യമാണ് പ്രൊഫ . എം. കെ. സാനു . 1928 ഒക്ടോബർ 27ന് ആലപ്പുഴ ജില്ലയിലെ തുമ്പോളിയിൽ മംഗലം ഭവനത്തിൽ എം . സി .കേശവന്റെയും കെ. പി . ഭവാനിയുടെയും മകനായി ജനിച്ചു. ആലപ്പുഴയിലെ ലിയോ തർട്ടീന്ത് ഇംഗ്ലീഷ്ഹൈസ്കൂളിൽ പ്രാധമിക വിദ്യാഭാസം, ആലപ്പുഴ എസ്. ഡി. കോളേജിൽനിന്നും ജന്തുശാസ്ത്രത്തിൽ ബിരുദം, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും മലയാളത്തിൽ ബിരുദാനന്തരബിരുദം എന്നിവ കരസ്ഥമാക്കി. കൊല്ലം എസ്. എൻ. കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, എറണാകുളം മഹാരാജാസ്കോളേജ് എന്നിവിടങ്ങളിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. 1983-ൽ വിരമിച്ചു.

കേരള നിയമസഭാംഗം, പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന പ്രസിഡന്റ് , കേരളസാഹിത്യ അക്കാദമി പ്രസിഡന്റ് , മഹാത്മാഗാന്ധി സർവകലാശാല- ശ്രീനാരായണ ചെയറിന്റെ ഡയറക്ടർ, വയലാർ രാമവർമ ട്രസ്റ്റ് ചെയർമാൻ, കുങ്കുമം വാരികയുടെ പത്രാധിപർ, എറണാകുളം കാൻസർ സർവീസ് സൊസൈറ്റി വൈസ് ചെയർമാൻ ,ബുദ്ധി വൈകല്യമുള്ള കുട്ടികളുടെ പഠനത്തിൽ ശ്രദ്ധയൂന്നുന്ന 'മിത്രം' പ്രസ്ഥാനത്തിന്റെ സ്ഥാപകാംഗം, ഭാരതീയവിദ്യാഭവൻ വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു.

സാഹിത്യ നിരൂപണ രംഗത്ത് അധികായനായി വർത്തിക്കുന്ന എം. കെ. സാനു നിരൂപിതവിധേയമാക്കിയ കൃതികളുടെയും പഠനവിധേയമാക്കിയ സാഹിത്യപ്രസ്ഥാങ്ങളുടെയും വ്യാപ്തി വളരെവലുതാണ്. സാഹിത്യനിരൂപണം, ജീവചരിത്രം, യാത്രാവിവരണം, സ്മരണകൾ, വിവർത്തനം, ചെറുകഥകൾ, എഡിറ്റ് ചെയ്ത കൃതികൾ, ബാലസാഹിത്യം, വ്യാഖ്യനം എന്നിങ്ങനെ വിവിധ

ശാഖകളിലായി എൺപതിലധികം കൃതികൾ അദ്ദേഹം മലയാളത്തിന് സംഭാവന ചെയ്തു. വിശദവും പ്രസന്നവുമായ ഭാഷാശൈലി, പാശ്ചാത്യ സാഹിത്യത്തിനോടുള്ള. നിരന്തരസമ്പർക്കം എന്നിവ അദ്ദേഹത്തിൻറെ സവിശേഷതകളാണ്. അദ്ദേഹത്തിൻറെ വ്യക്തിത്വ രൂപീകരണത്തിലും സാഹിതീയമായ കാഴ്ചപ്പാടുകൾ വളരുന്നതിലും പാശ്ചാത്യ സാഹിത്യവും സാഹിത്യകാരന്മാരും നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. അരിസ്റ്റോട്ടിൽ, സാർത്ര് എന്നിവരുടെ ദർശനങ്ങളുടെ സ്വാധീനം ഉദാഹരണമാണ്. കൂടാതെ എം. കെ. സാനുവിൻറെ ജീവിതദർശനത്തെ ശ്രീനാരായണഗുരുവും ഗണ്യമായി .സ്വാധീനിച്ചു. യുക്തിയിൽ അധിഷ്ഠിതമായ ചിന്താപദ്ധതികളായി ആ വിശ്വാസത്തിൻറെ സ്വാധീനം അദ്ദേഹത്തിൻറെ ജീവിതത്തിലെങ്ങും വ്യാപിച്ചിട്ടുണ്ട്

സാമൂഹികവും സൗന്ദര്യാത്മകവുമായ പശ്ചാത്തലത്തിൽ മനസൂന്നി സാഹിത്യ കൃതികളെ മൂല്യനിർദ്ധാരണം ചെയ്തു എം. കെ. സാനു പാശ്ചാത്യവും പൗരസ്ത്യവുമായ നിരവധികഥകൾ, കവിതകൾ, നോവലുകൾ, നാടകങ്ങൾ എന്നിവ പഠനവിധേയമാക്കി. അതിനോടൊപ്പം വിമർശന രംഗത്തെ ശ്രേഷ്ഠന്മാരെക്കുറിച്ചും ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിച്ചു. മഹാഭാരതം മുതൽ ആധുനിക കവിതകൾവരെ നിരൂപണ വിധേയമാക്കിയ എം.കെ.സാനുവിനെ ഏറ്റവുമധികം ആകർഷിച്ചത് കുമാരനാശാനാണ്. ആശാനാണ് അദ്ദേഹത്തിൻറെ കവിതയുടെയും കവിത്വത്തിൻറെയും മാതൃക. നാടകകലയെപ്പറ്റി വളരെയധികം എഴുതുകയും പ്രസംഗിക്കുകയും പാശ്ചാത്യവും പൗരസ്ത്യവുമായ നിരവധി നാടകങ്ങൾ പഠനവിധേയമാക്കുകയും ചെയ്തയാൾ കൂടിയാണ് എം.കെ. സാനു. നാടകങ്ങളിൽ ദുരന്തനാടകങ്ങളോട്പ്രത്യേക ആഭിമുഖ്യം പുലർത്തി.

തലമുറകളുടെ ആദരവ് നേടിയ പ്രശസ്തനായ അദ്ധ്യാപകൻ കൂടിയാണ് എം. കെ. സാനു. അദ്ധ്യാപനവൃത്തിയെ പാവനമായ ഒരു കർമ്മമായി കാണുന്ന അദ്ദേഹത്തിന് മൂന്നുതലമുറയിലെ കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ രൂപപ്പെടുത്തിയതിൻറെ ചരിത്രം അവകാശപ്പെടാനാവും. സാമൂഹിക സാംസ് കാരിക സാഹിത്യ രാഷ്ട്രീയരംഗങ്ങളിൽ ഏറെ പ്രശസ്തരായ ശിഷ്യഗണങ്ങളാൽ

സമ്പന്നനാണ് അദ്ദേഹം. ഇത്തരത്തിൽ സനുമാസ്റ്റർ ലോകത്തിൽ അങ്ങോളമിങ്ങോളമുള്ള മലയാളിമനസ്സുകളിൽ സ്നേഹവാത്സല്യത്താൽ നിറഞ്ഞു നിൽക്കുന്നു.

സർഗ്ഗാത്മക ജീവിതത്തിൻറെ അവിഭാജ്യ ഘടകമായ പ്രസംഗങ്ങളിലൂടെയാണ് എം.കെ. സാനുവിനെ ലോകമെമ്പാടുമുള്ള മലയാളികൾ ഏറെയും മനസ്സിലാക്കിയിട്ടുള്ളത്. പ്രസംഗകലയിലെ ഡെമോസ്തനീസായ അദ്ദേഹം ചെറുതും വലുതുമായ പതിനായിരത്തിലധികം പ്രസംഗവേദികൾ ആകർഷകമാക്കിത്തീർത്തു. സുചിന്തിതമായ തൻറെ ആശയങ്ങൾ സദസ്യരുടെ മനസ്സിലേക്കെത്തിക്കുന്നതിൽ പ്രത്യേക വൈഭവമാണ് അദ്ദേഹം പ്രദർശിപ്പിച്ചത്. വിഷയത്തെ ആഴത്തിൽ അവതരിപ്പിക്കുന്നതിനോടൊപ്പം വിഷയാനുസാരിയായ ലാളിത്യമാർന്ന പ്രസംഗശൈലി ശ്രോതാക്കളെ ആഴത്തിൽ സ്വാധീനിക്കുകയും അവരുടെ വിചാരങ്ങളെ വികസ്വരമാക്കുകയും ദീപ്തമായ ഒരനുഭവമാക്കി മാറ്റുകയും ചെയ്യുന്നു.

കേരളസാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്ക്കാരം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെയും കേരളസർവ്വകലാശാലയുടെയും ഡി ലിറ്റ് ബഹുമതി തുടങ്ങി ഒട്ടനവധി അവാർഡുകൾക്ക് അർഹനായ വ്യക്തി കൂടിയാണ് എം.കെ.സാനു.

## യൂണിറ്റ് II

## എം . കെ .സാനു എന്ന ജീവചരിത്രകാരൻ

വ്യക്തികളുടെ ജീവിതകഥകൾ പ്രതിപാദിക്കുന്ന സാഹിത്യശാഖയാണ് ജീവചരിത്രം വർണ്യപുരുഷൻറെ അസാമാന്യത ധ്വനിപ്പിക്കുന്നതോടൊപ്പം കൃതി രസകരമാവണമെങ്കിൽ മാനുഷികമായ ജീവിതരംഗങ്ങൾകൂടി ഉണ്ടാവണം. ഇത്തരം അവബോധത്തോടെ വിരചിതമായ കൃതികൾ നോവലൈസ്ഡ് ബയോഗ്രഫി എന്നാണറിയപ്പെടുന്നത്. വ്യക്തികളിൽ മാറ്റമില്ലാതെ പ്രതിപാദന

OCW CHRIST COLLEGE
CC BY NC SA

ശൈലി നോവലിന്‌റെ ശില്പത്തിലെന്നപോലെ തന്ന ഉണ്ടാവുമെന്നതാണിതിന്‌റെ സവിശേഷത. എം. കെ. സാനുവിന്‌റെ ജീവചരിത്രങ്ങൾ ഇത്തരമൊരു സവിശേഷത പുലർത്തുന്നവയാണ്. അദ്ദേഹത്തിന്‌റെ ജീവചരിത്രങ്ങളെക്കുറിച്ച് ഡോ. എം. ലീലാവതി അഭിപ്രായപ്പെടുന്നത്, "മലയാളത്തിലെ നോവലൈസ്ഡ് ബയോഗ്രഫിയെ സമ്പന്നമാക്കിയ ജീവചരിത്രകാരൻ സാനു മാസ്റ്ററാണ് ആ ശാഖയിലെ ശരിയായ മാസ്റ്റർ" എന്നാണ്. ജീവചരിത്രങ്ങളെന്നു നിർവചിക്കാവുന്ന സുദീർഘമായ രചനകളല്ലെങ്കിലും ജീവചരിത്ര സഞ്ചയമാണ് താഴ്‌വരയിലെസന്ധ്യ(രണ്ടു ഭാഗങ്ങൾ), ഇവർ ലോകത്തെ സ്നേഹിച്ചവർ എന്നീ കൃതികൾ. ബയോസ്കെച്ച് എന്ന് ഇംഗ്ലീഷിൽ അറിയപ്പെടുന്ന ഇത്തരം രചനകളിൽ നാടകീയമായ രംഗവിവരണങ്ങൾ സമൃദ്ധമാണ്. ഇവ കൂടാതെ ജീവചരിത്രത്തിന്‌റെ മാതൃകകൾ പോലെ സ്മൃതി ചിത്രങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. മെമ്മെയേഴ്സ് എന്ന സാഹിത്യശാഖയിൽപ്പെടുത്താവുന്ന ഇത്തരം സ്മൃതിചിത്രങ്ങളിൽ വ്യക്തികളുടെ സവിശേഷതകളും അവരിൽ നിലീനമായിട്ടുള്ള മഹത്വത്തിൻറെ അടയാളപ്പെടുത്തലുകളും കാണാനാവും. ഡോ. എ. അരവിന്ദാക്ഷൻ എഡിറ്റ് ചെയ്ത എ.കെ. സാനുവിന്‌റെ സ്മൃതി ചിത്രങ്ങൾ 'സ്മൃതി വിചാരങ്ങൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാള ജീവചരിത്രശാഖയെ സമ്പന്നനാക്കിയ സർഗ്ഗധനനായ എഴുത്തുകാരനാണ് എം. കെ. സാനു. മാതൃകാ ജീവചരിത്രങ്ങളായ അദ്ദേഹത്തിൻറെ കൃതികളോരോന്നും കേരളചരിത്രതിന്‌റെ ഭാഗമായി തീർന്നവരെക്കുറിച്ചുള്ളതാണ്. ജീവചരിത്രത്തിൻറെ ഹ്രസ്വമാതൃകകളായി തൻറെ സമകാലികരായ എഴുത്തുകാരെക്കുറിച്ചും അദ്ധ്യാപകരെക്കുറിച്ചും സാമൂഹികപ്രവർത്തകരെക്കുറിച്ചും ധാരാളം സ്മൃതിചിത്രങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

## യൂണിറ്റ് III

## എം.കെ. സാനു എന്ന നിരൂപകൻ

OCW CHRIST COLLEGE
CC BY NC SA

കലാമൂല്യങ്ങൾക്കും മാനുഷിക ഔന്നിത്യത്തിനും സ്വാതന്ത്ര്യ പ്രഖ്യാപനത്തിനും വിശ്വമാനവികതയ്ക്കും ഒരുപോലെ പ്രാധാന്യം നൽകിയ എം. കെ. സാനു നിരൂപണത്തെയാണ് തന്റെ ആത്മാവിഷ്ക്കരണത്തിന് തിരഞ്ഞെടുത്തത്. നിരൂപണത്തെ ക്കുറിച്ചുള്ള എം.കെ സാനുവിന്റെ മൗലിക ദർശനം, "നിരൂപകൻ ഒരു സാഹിത്യകാരനാണ്. സാഹിത്യത്തെക്കുറിച്ച് നാം ഏറ്റവും ലളിതമായി നലികമായി പറയാറുള്ളത് സാഹിത്യം ആത്മാവിഷ്ക്കരണമാണെന്നാണല്ലോ. തന്റെ രീതിയിൽ നിരൂപകൻ നിർവ്വഹിക്കുന്നതും ആത്മാവിഷ്ക്കരണമാണ്. ജീവിതത്തിൽ നിന്നും നേരിട്ടു നേടിയ അനുഭൂതികളെ കവി ചിത്രീകരിക്കുന്നു. നിരൂപകനോ? കാവ്യങ്ങളിൽനിന്നും നേടിയ തന്റെ സൂക്ഷ്മാനു ഭൂതികൾക്ക് ആവിഷ്ക്കരണം നൽകുകയും ചെയ്യുന്നു. അതിനാൽ അയാളും സാഹിത്യ കാരനാണ്" എന്നാണ്.

സൗന്ദര്യാത്മകതലം മാത്രമായിരുന്നില്ല. എം.കെ. സാനുവിന്റെ വിമർശനങ്ങൾ ക്കുണ്ടായിരുന്നത്. ദാർശനികമായ ചില ഘടകങ്ങൾ കൂടി രചനയെ നിയന്ത്രിച്ചിട്ടുണ്ട്. വിഷാദാത്മകത അദ്ദേഹത്തെ എക്കാലത്തും സ്വാധീനിച്ചിരുന്നു. ഷെല്ലി, കുമാരനാശാൻ, ചങ്ങമ്പുഴ, ഇടപ്പള്ളി തുടങ്ങിയവരുടെ കവിതകളുടെ ആരാധകനായിരുന്നു അദ്ദേഹം. ശോകം, മൃത്യു, കൊലപാതകം, ആത്മഹത്യ തുടങ്ങിയ പ്രശ്നങ്ങൾ എം.കെ. സാനു നിരന്തരം വിചിന്തനത്തിന് വിധേയമാക്കി. അനേകം പ്രബന്ധങ്ങളിൽ നചികേതസ്സും കാമുവും രചനയുടെ ഭാഗമായി. വാൾട്ട് വിറ്റ്മാനെക്കുറിച്ച് കൗമുദി മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനമാണ് ആദ്യം ശ്രദ്ധിക്കപ്പെട്ടത്. എന്തുകൊണ്ട് വിറ്റ്മാനെ സ്വീകരിച്ചുവെന്ന് അദ്ദേഹം

ആത്മകഥയിൽ പറയുന്നുണ്ട്. അന്നത്തെ സാഹചര്യത്തിൽ വിപ്ലവജ്വാലകളായ കവിതകൾ രചിക്കുന്ന ചെറുപ്പക്കാരുടെ ഹരമായിരുന്ന മയക്കോവ്സ്കിയെ സ്വീകരിക്കാമായിരുന്നു. സാഹസിക പരീക്ഷണത്തിന്റെ മാതൃകയായ ജെയിംസ് ജോയ്സും മനസ്സിൽ വന്നില്ല. വിറ്റ്മാന്റെ കവിതകൾ എന്തുകൊണ്ട് അദ്ദേഹത്തെ ഏറെയാകർഷിച്ചു എന്നതിനുത്തരം എം.കെ. സാനുവിന്റെ മനോഭാവവും വീക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു. പതിതരുടെയും പരാജിതരുടെയും നേർക്ക് സഹജമായുള്ള അനുഭാവത്തെ ഉണർത്തുന്ന തരത്തിലും മൃത്യുവിനെ സ്വാഗതം ചെയ്യുന്ന തരത്തിലുമുള്ളതായിരുന്നു വിറ്റ്മാന്റെ കാവ്യചേതന. അതാണ് വിമർശകനെ ആകർഷിക്കാൻ കാരണം. നിലവിലുണ്ടായിരുന്ന സൗന്ദര്യബോധപരമായ മാറ്റത്തിനുള്ള ആഗ്രഹമാണ് താൻ പ്രകടിപ്പിച്ചതെന്നാണ് അദ്ദേഹം ഇതിനെപ്പറ്റി പറയുന്നത്.

അറുപതുകളുടെ ആരംഭത്തോടെ ആവർത്തിക്കുകയും ശക്തി പ്രാപിക്കുകയും ചെയ്ത ആധുനികതയുടെ വിചിത്രവും രൂക്ഷവുമായ രൂപഭേദങ്ങൾ എം.കെ. സാനുവിന്റെ രചനകളിൽ പ്രത്യക്ഷപ്പെട്ടു. സൃഷ്ടിയുടെ സ്വാതന്ത്ര്യവും മനുഷ്യന്റെ വിമോചനവുംസമന്വയിപ്പിക്കുന്ന സാഹിത്യദർശനമാണ്. അദ്ദേഹത്തിന്റേത്. സ്വാതന്ത്ര്യം ഏറ്റവും വലിയ മൂല്യമായി അദ്ദേഹത്തിന്റെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നു. വിമോചനം സാമൂഹ്യസങ്കല്പം എന്നതിലേറെ കലാതത്ത്വമായാണ് അംഗീകരിക്കപ്പെടുന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടി പിടയുന്ന മനുഷ്യജീവിതത്തെ ആവിഷ്ക്കരിക്കുന്ന കൃതികൾ അദ്ദേഹത്തെ ആകർഷിച്ചു. ദുരന്തനാടകത്തെപ്പറ്റി ആവർത്തിച്ചുവരുന്ന പഠനങ്ങൾ ഇതിന് മുഖ്യ തെളിവാണ് അദൃശ്യശക്തികളോട് ഏറ്റുമുട്ടി. ഭൗതികമായി പരാജയപ്പെടുമ്പോഴും വിജയിക്കുന്ന മനുഷ്യന്റെ ചരിത്രമാണ് അവയിൽ പ്രത്യക്ഷപ്പെടുന്നത്. വിജയപരാജയങ്ങളുടെ ഇത്തരം ഏകോപിപ്പിക്കൽ

അനുഭവപ്പെടുന്ന സാഹിത്യരൂപം അദ്ദേഹത്തെ ഏറെ ആകർഷിച്ചു എന്നതിന്റെ അർത്ഥം മനുഷ്യമഹത്വത്തിൽ അദ്ദേഹം വിശ്വാസമർപ്പിക്കുന്നു എന്നതാണ്. എം.കെ. സാനുവിന്റെ ജീവിതദർശനത്തെ ശ്രീനാരായണഗുരു ഗണ്യമായി സ്വാധീനിച്ചിരുന്നു. തന്നെ ഒരുപാട് ആകർഷിച്ചതും മനസ്സ് നിറച്ചതും ഗുരുവിന്റെ സന്ദേശങ്ങളിലുണ്ടായിരുന്ന മനുഷ്യത്വബോധമായിരുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ആ വിശ്വാസത്തിന്റെ സ്വാധീനം അദ്ദേഹത്തിന്റെ ജീവിതത്തിലെങ്ങും വ്യാപിച്ചിട്ടുണ്ട്. യുക്തിയിൽ അധിഷ്ഠിതമായ ചിന്താപദ്ധതികളായാണ് അവ വികസിച്ചുവന്നത്. കുട്ടിക്കാലം മുതൽ സാഹിത്യവുമായി ബന്ധം പുലർത്തിയ എം.കെ. സാനു പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ സജീവാംഗവുമായിരുന്നു. സർഗ്ഗാത്മക രചനകളിൽ, ആധുനിക ദാർശനികരിൽ പ്രാമാണികനായിരുന്ന ബ്രാൻഡ് റസ്സലിനെയാണ് ഏറെ ആശ്രയിച്ചത്. ആശയങ്ങൾ ഏറ്റവും സ്ഫുടമായി പ്രകാശിപ്പിക്കുന്നതിൽ നിസ്സീമമായ പ്രഗത്ഭ്യം പ്രകാശിപ്പിക്കുന്ന റസ്സൽ തന്നെ ഏറെയാകർഷിച്ചിരുന്നുവെന്ന് എം.കെ. സാനുതന്നെ സാക്ഷ്യപ്പെടുത്തുന്നു. ഫാദർ ഹേരാസിന്റെ ലേഖനം തർജ്ജമ ചെയ്ത് സ്വന്തം കുറിപ്പോടുകൂടി ഗ്രന്ഥലോകത്തിൽ പ്രസിദ്ധീകരിച്ചതാണ് എം.കെ. സാനുവിന്റെ ആദ്യത്തെ പ്രസിദ്ധീകൃത ലേഖനം. 'കാറ്റും വെളിച്ചവു' മെന്ന ലേഖനസമാഹാരമാണ് ആദ്യത്തെ വിമർശനഗ്രന്ഥം. വിമർശകൻ, അധ്യാപകൻ, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ എം.കെ. സാനുവിനെക്കുറിച്ച് പഠനങ്ങളും വിമർശനങ്ങളും അഭിമുഖസംഭാഷണങ്ങളും ഉണ്ടായിട്ടുണ്ട്. നവതി ആഘോഷത്തിന്റെ ഭാഗമായി സാനു ഫൗണ്ടേഷൻ സംഘടിപ്പിച്ച പ്രസംഗങ്ങളും മലയാളത്തിലെ പ്രമുഖ ആനുകാലികങ്ങളിൽ വിശേഷാൽ പതിപ്പുകളും

OCW CHRIST COLLEGE
CC BY NC SA

ഉണ്ടായിട്ടുണ്ട്. കലാബോധത്തിലും ലോകബോധത്തിലും കാലബോധത്തിലും ഊന്നൽ നൽകികൊണ്ട് പുരോഗമന എഴുത്തുകാരനും ആധുനികതയുടെ വക്താവും ആർജ്ജിത വിജ്ഞാനശാഖകളെ മുൻനിർത്തി പ്രബലമായ ഒരു ജീവിതവീക്ഷണം കരുപ്പിടിപ്പിച്ചയാളും സർവ്വോപരി ഹ്യൂമനിസ്റ്റുമായ എം.കെ. സാനു തന്റെ വിമർശനങ്ങളിൽ അവലംബിച്ച സൗന്ദര്യ സമീപനങ്ങൾ എപ്രകാരമുള്ളതായിരുന്നുവെന്നതാണ് ഈ പാഠ്യഭാഗത്തു വിശദമാക്കുന്നത്. വാൾട്ട് വിറ്റ്മാനെക്കുറിച്ചുള്ള ആദ്യ നിരൂപണത്തിൽ എം.കെ. സാനു സ്വീകരിച്ച ആദർശവും സമീപനവും അദ്ദേഹം പിൽക്കാലത്തും തുടർന്നിരുന്നു. സാഹിത്യ ചിന്തകളുടെ സൗന്ദര്യഭൂമികകളും സാമൂഹ്യഭൂമികകളും അന്വേഷിച്ചു പോകുന്ന പൊതുവിമർശനരീതി അദ്ദേഹത്തിന്റെ രചനകളിൽ കാണാനാവും